(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ പടഞ്ഞേരി, നല്ലേറ്റുള്ളി സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വനിതകൾക്കുനേരെ നടന്ന അതിക്രമങ്ങളെ കുറിച്ച് വനിതാ കമ്മിഷൻ അന്വേഷണം നടത്തിയിരുന്നോ;

(ബി) ഈ അന്വേഷണത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് ഈ റിപ്പോർട്ട് സമർപ്പിച്ചത്;

(ഡി) ഈ റിപ്പോർട്ടിനുമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി)-(ഇ) കമ്മിഷന്റെ ഒരു അഡ്ഹോക്ക് കമ്മിറ്റി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ, കമ്മിഷന്റെ നിഗമനങ്ങളും ഏതാനും ശുപാർശകളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ ശുപാർശകൾ നിയമസഭയുടെ മുമ്പാകെ സമർപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു.

ഭീകര പ്രവർത്തനം

53(1527)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഭീകരപ്രവർത്തനവും വിധ്വംസക പ്രവർത്തനവും നടന്നുവരുന്നുണ്ടോ?

(ബി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ഏതെല്ലാം സംഘടനകളാണ് എന്നു പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളിൽ പ്രമുഖർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാമ്പത്തികവും മറ്റു വിധത്തിലുള്ളതുമായ സഹായം അവർക്കെവിടെ നിന്നാണ് ലഭിക്കുന്നത്?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

54(1529) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്; ഈ കാലയളവിൽ എത്ര കൊലപാതകശ്രമം നടത്തിയിട്ടുണ്ട്; കൊലപാതകങ്ങളുടേയും കൊലപാതകശ്രമങ്ങളുടേയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1728 കൊലപാതകങ്ങളും, 1756 കൊലപാതകശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

ജില്ല	കൊലപാതകം	കൊലപാതകശ്രമം
തിരുവനന്തപുരം	187	203
കൊല്ലം	151	217
പത്തനംതിട്ട	88	77
ആലപ്പുഴ	76	125
കോട്ടയം	112	107
ഇടുക്കി	154	65
എറണാകുളം	140	173
തൃശ്ശൂർ	155	177
പാലക്കാട്	151	106
മലപ്പുറം	112	83
കോഴിക്കോട്	84	101
വയനാട്	69	40
കണ്ണൂർ	110	183
കാസർഗോഡ്	64	84
ക്രൈംബ്രാഞ്ച് വിഭാഗം	70	12
റെയിൽവേ പോലീസ് വിഭാഗം	5	3
ആകെ	1728	1756

തെളിയിക്കപ്പെടാത്ത കേസ്സുകൾ

55(1530) ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെളിയിക്കപ്പെടാത്തതും രജിസ്റ്റർ ചെയ്യപ്പെട്ടതുമായ എത്ര കൊലപാതക കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയെല്ലാം എത്ര കാലപ്പഴക്കമുള്ളതെന്നറിയിക്കുമോ;

(സി) ഇത്തരം കേസ്സുകൾ തെളിയിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 130 കേസ്സുകൾ

(ബി) കേസുകളുടെ കാലപ്പഴക്കം ചുവടെ കൊടുക്കുന്നു.

കാലപ്പഴക്കം	കേസ്സുകളുടെ എണ്ണം
ഒരു വർഷത്തിനു താഴെ	24
1 മുതൽ 2 വർഷം വരെ	17

LIBRARY ARCHIVES Kerala Legislative Assembly